(സി) എന്തു തുക സഹായധനം ലഭിച്ചുവെന്നും അത് എപ്രകാരം ചെലവാക്കി എന്നും അറിയിക്കുമോ;

(ഡി) സർക്കാരോ മറ്റെതെങ്കിലും സ്ഥാപനമോ, വ്യക്തികളോ ആണോ ആ തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥാപനങ്ങളും വ്യക്തികളുമാണ് തുക ചെലവഴിച്ചതെങ്കിൽ ഏതു സ്ഥാപനങ്ങളും വ്യക്തികളും ആണെന്ന് പറയുമോ;

(എഫ്) ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുകാർ ആരായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കപ്പാസിറ്റി ഡെവലപ്പ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ ഇൻ കേരള (ക്യാപ്ഡെക്ക്) പ്രോജക്ടിൽ ധനസഹായം നല്കുവാൻ സ്വിസ്സ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷനോട് (എസ്. ഡി. സി.) സംസ്ഥാന ആസൂത്രണ ബോർഡ് അഭ്യർത്ഥിച്ചിരുന്നു.

(ബി) ക്യാപ്ഡെക് പ്രോജക്ടിന് സഹായം വാങ്ങുവാൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (കിലയ്ക്ക്) അനുവാദം നല്കിയിട്ടുണ്ട്.

(സി) 9.0053 കോടി രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുക, ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പുകളിലെയും, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളിലെയും, ടെക്നിക്കൽ കമ്മിറ്റികളിലെയും മെമ്പർമാർ എന്നിവർക്ക് പരിശീലനം നല്കുക, ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുക, കില, ഐ. എം. ജി., എസ്. ഐ. ആർ. ഡി., സംസ്ഥാന ആസൂത്രണ ബോർഡ് എന്നീ സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് തുക ചെലവഴിച്ചത്.

(ഡി, ഇ ആന്റ് എഫ്) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനാണ് തുക ചെലവഴിച്ചത്. ആ സ്ഥാപനം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്.

കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ

3 [1474] ഡോ. തോമസ് ഐസക്:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഏതെല്ലാം പ്രശ്നങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം പ്രശ്നങ്ങൾക്കാണ് ഇതിനകം പരിഹാരം കണ്ടിട്ടുള്ള തെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) കേന്ദ്രാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചി ട്ടുണ്ടോ; എങ്കിൽ ഓരോ പദ്ധതിയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് സ്റ്റേജിലി രിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധം (എ)-യിൽ കൊടുത്തിട്ടുണ്ട്.†

(ബി) സംസ്ഥാനം ഉന്നയിച്ചിട്ടുള്ള പല പ്രശ്നങ്ങളും കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുകയും ചില ആവശ്യങ്ങൾ ഇതിനകം അനുവദിക്കുകയും മറ്റു ചില ആവശ്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കാമെന്നുള്ള ഉറപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി)-യിൽ കൊടുത്തിട്ടുണ്ട്.†

(സി), (ഡി) & (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തലസ്ഥാന വികസന പദ്ധതി

4 [1475] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003-ലെ സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്ത തലസ്ഥാന വികസന പദ്ധതിപ്രകാരം ഏറ്റെടുത്ത പ്രവർത്തനങ്ങൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) തലസ്ഥാന വികസന പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഇതേ വരെ എന്ത് തുക ലഭിച്ചിട്ടുണ്ടെണ് വിശദമാക്കാമോ;

(സി) ഈ വികസന പദ്ധതിക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ ധനസഹായം ചെയ്യുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly